## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 840** **11-02-2025 - ൽ മറുപടിയ്ക്ക്**

## ഇ-ഗ്രാന്റ്സ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ബി.സി, ഒ.ഇ.സി വിഭാഗങ്ങളിലെ പി.ജി. വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് ഏത് വർഷം വരെ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിൽ പെട്ട പിജി വിദ്യാർത്ഥികളുടെ 2023-24 അധ്യയന വർഷം വരെയുള്ള അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ക്ലെയിമുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലെ 2023-24 വർഷം വരെയുള്ള പി.ജി. വിദ്യാർത്ഥികളുടെ എല്ലാ ക്ലെയിമുകൾക്കും തുക അനുവദിച്ചു നൽകിയിട്ടുണ്ട് നടപ്പുസാമ്പത്തിക വർഷ ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു . ഒ.ഇ. സി, ഒ.ബി.സി(എച്ച്) ,എസ്.ഇ.ബി.സി വിഭാഗങ്ങൾക്ക് 2022-23 വർഷം പൂർണ്ണമായും 2023-24ൽ അംഗീകരിച്ച അപേക്ഷകൾക്കും ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയിട്ടുണ്ട് |
| (ബി) | ഇ-ഗ്രാന്റ്സ് നൽകുന്നതിൽ കുടിശ്ശികയുണ്ടെങ്കിൽ ഏതെല്ലാം വിഭാഗത്തിന്റേതാണെന്ന് വ്യക്തമാക്കാമോ; ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (ബി) | നിലവിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 2024-25 അധ്യയന വർഷത്തെ സ്കോളർഷിപ്പ് ക്ലെയിമുകളിൽ തുക വിതരണം ചെയ്ത് വരുന്നു . 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് ക്ലെയിമുകളിൽ ലഭ്യമായ തുക ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഒ.ഇ.സി, ഒ.ബി.സി(എച്ച്) എസ്.ഇ.ബി.സി വിഭാഗങ്ങൾക്ക് കുടിശ്ശിക നൽകാനുള്ളത്. ഒ.ഇ.സി, ഒ.ബി.സി(എച്ച്) , എസ്.ഇ.ബി.സി വിഭാഗങ്ങളുടെ ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സ്ഥാപനങ്ങൾ, കോഴ്സ് എന്നിവ അനുസരിച്ച് പിന്നാക്ക വിഭാഗ വിദ്യാർത്ഥികളുടെ കുടിശ്ശികക്ക് ഏകീകൃത സ്വഭാവമല്ല ഉള്ളത്. ഒ.ബി.സി, ഒ.ഇ.സി |

| | | | |
|---|---|---|---|
| | | | വിഭാഗങ്ങളിലെ പി.ജി വിദ്യാർത്ഥികളുടെ മാത്രമായിട്ടുള്ള കുടിശ്ശിക വിവരങ്ങൾ പ്രത്യേകമായി പ്രോസസ്സ് ചെയ്ത് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| (സി) | പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ബി.സി, ഒ.ഇ.സി വിഭാഗങ്ങളിലെ പി.ജി. വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് എത്ര രൂപ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 2024-25 അധ്യയന വർഷത്തെ സ്കോളർഷിപ്പ് ക്ലെയിമുകളിൽ തുക വിതരണം ചെയ്ത് വരുന്നു . 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് ക്ലെയിമുകളിൽ ലഭ്യമായ തുക ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഒ.ഇ.സി, ഒ.ബി.സി(എച്ച്) എസ്.ഇ.ബി.സി വിഭാഗങ്ങൾക്ക് കുടിശ്ശിക നൽകാനുള്ളത്. ഒ.ഇ.സി, ഒ.ബി.സി(എച്ച്) , എസ്.ഇ.ബി.സി വിഭാഗങ്ങളുടെ ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സ്ഥാപനങ്ങൾ, കോഴ്സ് എന്നിവ അനുസരിച്ച് പിന്നാക്ക വിഭാഗ വിദ്യാർത്ഥികളുടെ കുടിശ്ശികക്ക് ഏകീകൃത സ്വഭാവമല്ല ഉള്ളത്. ഒ.ബി.സി, ഒ.ഇ.സി വിഭാഗങ്ങളിലെ പി.ജി വിദ്യാർത്ഥികളുടെ മാത്രമായിട്ടുള്ള കുടിശ്ശിക വിവരങ്ങൾ പ്രത്യേകമായി പ്രോസസ്സ് ചെയ്ത് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ